# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.982** **30.11.2018 ലെ മറുപടി**

## കടലുണ്ടിപ്പുഴയിലെ നാമ്പ്രാണി ചെക്ക് ഡാം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) മലപ്പുറം നഗരസഭയിൽ കടലുണ്ടിപ്പുഴയിലെ നാമ്പ്രാണി ചെക്ക് ഡാം പുനർനിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ; | (എ) മലപ്പുറം നഗരസഭയിൽ കടലുണ്ടി പുഴയിൽ പുതിയ ചെക്ക് ഡാമിന്റെ നിർമ്മാണം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ പരിഗണനയിലുള്ളതിനാൽ നിലവിലുള്ള നമ്പ്രാണി ചെക്ക് ഡാമിന്റെ പുനർ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) 25 വർഷത്തിലധികം പഴക്കമുള്ള വിയറിന്റെ ചോർച്ച പരിഹരിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ മലപ്പുറം ശുദ്ധജല വിതരണ പദ്ധതിക്കും കോങ്കയം ശുദ്ധജല വിതരണ പദ്ധതിക്കും ഗുണമാകുന്ന തരത്തിൽ പുതിയ ചെക്ക് ഡാം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) കടലുണ്ടി പുഴയുടെ ഘടന പഠിക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ പുരോഗതിയിലാണ്. സർവ്വേയുടെ റിപ്പോർട്ട് തയ്യാറായതിനുശേഷം ചാമക്കയം തടയണയുടെയും നമ്പ്രാണി തടയണയുടെയും ഇടയ്ക്കായി ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് നടപടി എടുത്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**